# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:987.

05.02.2020-ലെ മറുപടി

## കരവാരം - പുളിമാത്ത്- നഗരൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം - പുളിമാത്ത് - നഗരൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | കരവാരം-പുളിമാത്ത്-നഗരൂർ കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽ നിന്നും 81.81 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾക്കായി അഞ്ചിടങ്ങളിലായി റവന്യൂ ഭൂമിയും ഒരിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായുണ്ട്. റവന്യൂ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നതിലേക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ട്.<br>കൂടാതെ സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് 02.09.2019-ലെ സ.ഉ(സാധാ)നം. 625/2019/ജവിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും അതേ തുടർന്ന് സാമൂഹികാഘാത പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. 29.01.2020 ലെ ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ഭൂമിയുടെ ന്യായവിലയായി ഒൻപത് ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഇനത്തിൽ രണ്ടു ലക്ഷത്തി എഴുപതിനായിരം രൂപയും കണ്ടിജൻസി ചാർജിനത്തിൽ രണ്ട് ലക്ഷം രൂപയും സാമൂഹികാഘാത പഠനം നടത്തുന്ന ഏജൻസിയ്ക്ക് 28,600 രൂപയും അടിയന്തിരമായി അടയ്ക്കണം എന്ന് അറിയിച്ചിട്ടുണ്ട്.<br>മേൽപറഞ്ഞ ഫണ്ട് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ